# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 814      10.06.2019-ൽ മറുപടിക്ക്

## വയനാട് തൊവരിമല മിച്ചഭൂമി കയ്യേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വയനാട് തൊവരിമലയിൽ 1970-ൽ സർക്കാർ നിയമനിർമ്മാണം വഴി ഹാരിസൺ മലയാളം പ്ലാന്റേഷനിൽ നിന്നും തിരിച്ചുപിടിച്ച മിച്ചഭൂമിയിൽ ആദിവാസികൾ കയ്യേറി കുടിൽകെട്ടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | വയനാട് തൊവരിമലയിൽ ആദിവാസികൾ കുടിൽ കെട്ടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും കൃഷിഭൂമി വിതരണം ചെയ്യണമെന്ന സമരക്കാരുടെ ആവശ്യത്തിന്മേലുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | ബി) | ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിന്, ഭൂമി വിലയ്ക്ക് വാങ്ങി നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം, ലഭ്യമായ സ്ഥലങ്ങളിൽ റവന്യൂ ഭൂമി വിതരണം, വനാവകാശ നിയമപ്രകാരം വനാവകാശ രേഖ നൽകൽ എന്നീ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| സി) | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ഈ സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സി) | പട്ടികവർഗ്ഗക്കാരുടെ ഭൂരാഹിത്യം പരിഹരിക്കുന്നതിനായി സർക്കാർ 3 തരത്തിലുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഭൂമി വാങ്ങി നൽകൽ പദ്ധതി, നിക്ഷിപ്തവന ഭൂമി വിതരണം, വനാവകാശ നിയമം നടപ്പിലാക്കൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 10943 ഭൂരഹിത പട്ടികവർഗ്ഗക്കാരാണുള്ളത്. ടി ഭൂരഹിതർക്ക് ഭൂമി സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>1. ഭൂമിവാങ്ങി നൽകുന്ന പദ്ധതി (ലാന്റ് ബാങ്ക്)<br><br>03/03/2018 ലെ സ.ഉ(എം.എസ്)21/2018/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ജില്ലാകളക്ടർമാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന ഭൂമി 2 തലങ്ങളിലുള്ള ഫീൽഡ് പരിശോധനക്ക് ശേഷം വില നിർണ്ണയം നടത്തി ഭൂമി വാങ്ങി ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| | | | <u>2. വനാവകാശനിയമം.</u><br><br>വനാവകാശ നിയമപ്രകാരം 2005 ഡിസംബർ 13 ന് കൈവശമുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയാണ് ചെയ്യുന്നത്. ആയതിൻ പ്രകാരം 42789 അപേക്ഷകൾ ലഭിച്ചതിൽ 26465 അപേക്ഷകൾ ഡി.എൽ.സി പാസ്സാക്കി നൽകിയിട്ടുണ്ട്. 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ഡി.എൽ.സി പാസ്സാക്കിയിട്ടും കൈവശാവകാശ രേഖ വിതരണം ചെയ്യുവാൻ 640 അപേക്ഷകളുണ്ട്. നിലവിൽ 5517 അപേക്ഷകർ എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നീ തലങ്ങളിൽ പെന്റിംഗിലുണ്ട്. അവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br><u>3. നിക്ഷിപ്ത വനഭൂമി</u><br><br>ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും ബഹു. സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 4789 ഏക്കർ ഭൂമി 3616 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിതരണം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെയും, വനം, റവന്യൂ, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിമാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ വിളിച്ച് ചേർത്ത് ഭൂമി വിതരണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം 1326 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**